സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 215 2025 ഡിസംബർ 04 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ബൈക്കിൽ നീൽ റെക്കോർഡിങ്; യുവ വ്ളോഗർക്ക് ദാരുണാന്ത്യം

സൂറത്ത്: ഹെൽമറ്റ് പോലും ധരിക്കാതെ അമിതവേഗത്തിൽ ബൈക്കോടിച്ച യുവ വ്ളോഗർക്ക് ദാരുണാന്ത്യം. സൂറത്തിലെ ബ്രെഡ് ലൈനർ പാലത്തിൽവച്ചാണ് അപകടം സംഭവിച്ചത്. സോഷ്യൽമീഡിയയിൽ 'പികെആർ ബ്ലോഗർ' എന്നറിയപ്പെട്ട പ്രിൻസ് പട്ടേൽ ആണ് മരിച്ചത്. ഇടിയുടെ ആഘാതത്തിൽ തല വേർപെട്ട നിലയിലാണ് ശരീരം കണ്ടെത്താനായത്. അപകടത്തിനു മുൻപ് 140കിമീ വേഗത്തിൽ ബൈക്കോടിക്കുന്ന പ്രിൻസിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. പാലത്തിനു മുകളിൽവച്ച് നിയന്ത്രണം വിട്ട ബൈക്ക് മറിഞ്ഞ് റോഡിൽ വീഴുകയും വീണിടത്തു നിന്നും 100 മീറ്റർ നിരങ്ങി നീങ്ങിയ ശേഷം ഡിവൈഡറിൽ ഇടിച്ചു തകരുകയും ചെയ്തു. ഇടിയുടെ ആഘാതത്തിൽ ബൈക്കിൽ നിന്നും തെറിച്ചു വീണ പ്രിൻസിന്റെ തല ദേഹത്തുനിന്നും വേർപെട്ടു.

പത്മകുമാറിന് വീണ്ടും തിരിച്ചടി

ശബരിമലയിലെ ദ്വാരപാലക ശില്പപ്പാളി കേസിലും പ്രതി ചേർത്തു, റിപ്പോർട്ട് കോടതിയിൽ

കൊല്ലം: ശബരിമല സ്വർണക്കൊള്ളയിൽ അറസ്?റ്റിലായ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് എ പത്മകുമാറിനെ ദ്വാരപാലക ശില്പപ്പാളി കേസിൽ കൂടി പ്രതി ചേർത്തു. പ്രത്യേക അന്വേഷണ സംഘം കൊല്ലം വിജിലൻസ് കോടതിയിൽ ഇന്ന് സമർപ്പിച്ച റിപ്പോർട്ടിലാണ് നിർണായക വിവരങ്ങളുള്ളത്. ആദ്യം കട്ടിളപ്പാളി കടത്തിയ കേസിലായിരുന്നു പത്മകുമാറിനെ പ്രതി ചേർത്തിരുന്നത്. ഇന്ന് പത്മകുമാറിനെ റിമാൻഡ് കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരാക്കിയിരുന്നു.

കഴിഞ്ഞ മാസം 20നാണ് സ്വർണപ്പാളി കേസുമായി ബന്ധപ്പെട്ട് പത്മകുമാറിനെ പ്രത്യേക അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തത്. കേസിൽ അറസ്റ്റിലാവുന്ന ആറാമനും രണ്ടാമത്തെ ബോർഡ് പ്രസിഡന്റുമാണ് പത്മകുമാർ. ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ് കുമാർ, മുൻ തിരുവാഭരണം കമ്മീഷണർ കെഎസ് ബൈജു, മുൻ ദേവസ്വം കമ്മീഷണറും ബോർഡ് പ്രസിഡന്റുമായിരുന്ന എൻ വാസു എന്നിവരാണ് പത്മകുമാറിനെ കൂടാതെ അറസ്റ്റിലായവർ.

ഉണ്ണികൃഷ്ണൻ പോറ്റിക്ക് പാളികൾ കൈമാറാൻ ദേവസ്വം ബോർഡിൽ ആദ്യം നിർദേശംവച്ചത് പത്മകുമാറാണെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. പോറ്റിക്ക് അനുകൂലമായ നിർദേശങ്ങൾ പത്മകുമാർ നൽകിയെന്ന് ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർ മൊഴി നൽകിയിട്ടുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിക്ക് ശബരിമലയിൽ സർവ സ്വാതന്ത്ര്യവും നൽകിയത് പത്മകുമാറാണെന്നും തെളിഞ്ഞതാണ്. കേസിലെ എട്ടാം പ്രതിയാണ് പത്മകുമാർ.

അതേസമയം, സ്വർണക്കൊള്ളക്കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീകുമാറിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളി. ഹൈക്കോടതി സിംഗിൾ ബെഞ്ചാണ് മുൻകൂർ ജാമ്യാപേക്ഷ തള്ളിയത്. കേസിലെ ആറാം പ്രതിയാണ് എസ് ശ്രീകുമാർ.

പരാതിക്കാരിയെ അപമാനിച്ചിട്ടില്ല, മുഖ്യമന്ത്രിക്ക് പരാതി നൽകി സന്ദീപ് വാര്യർ



പാലക്കാട്: തനിക്കെതിരെ ഉയർന്നുവന്ന സൈബർ പരാതി രാഷ്ട്രീയ പ്രേരിതമാണെന്ന് ആവർത്തിച്ച് കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ മുഖ്യമന്ത്രിക്ക് പരാതി നൽകി. ഇമെയിലിലൂടെയാണ് പരാതി അയച്ചത്. രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ ലൈംഗിക പീഡനാരോപണം ഉന്നയിച്ച യുവതിയുടെ വിവരങ്ങൾ പുറത്തുവിട്ടെന്ന പരാതിക്കെതിരെയാണ് സന്ദീപ് വാര്യരുടെ നീക്കം.

യുവതിയുടെ വിവാഹദിവസമാണ് അവർക്കൊപ്പം നിന്ന് ചിത്രം എടുത്തത്. ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവച്ച സമയത്ത് രാഹുലിനെതിരെ യുവതി പരാതി നൽകിയിരുന്നില്ല. യുവതിയുടെ ചിത്രം ദുരുപയോഗം ചെയ്യുന്നുവെന്ന് അറിഞ്ഞപ്പോൾ അത് സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ നിന്ന് നീക്കം ചെയ്തുവെന്നും സന്ദീപ് വാര്യർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ പറയുന്നുണ്ട്. പീഡിപ്പിച്ച് ഗർഭിണിയാക്കി, നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തി എന്നീ ആരോപണങ്ങളുന്നയിച്ചാണ് രാഹുലിനെതിരെ യുവതി പരാതി നൽകിയത്.

അതേസമയം, പരാതിക്കാരിയെ സോഷ്യൽമീഡിയയിലൂടെ അധിക്ഷേപിച്ച സംഭവത്തിൽ ആക്ടിവിസ്റ്റായ രാഹുൽ ഈശ്വറിനെ ഞായറാഴ്ച രാത്രിയോടെ അറസ്റ്റ് ചെയ്തിരുന്നു. ഈ കേസിലാണ് സന്ദീപ് വാര്യരെ സൈബർ പൊലീസ് പ്രതി ചേർത്തത്. കേസിലെ നാലാം പ്രതിയാണ് സന്ദീപ് വാര്യർ.

വാദം പൂർത്തിയായി, രാഹുലിന്റെ ജാമ്യഹർജിയിൽ വിധി ഉടൻ

തിരു: യുവതിയെ പീഡിപ്പിച്ച് ഗർഭിണിയാക്കി നിർബന്ധിച്ച് ഗർഭച്ഛിദ്രം നടത്തിയെന്നകേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർജാമ്യാപേക്ഷയിലുള്ള വാദം പൂർത്തിയായി. തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ അടച്ചിട്ട കോടതിമുറിയിലായിരുന്നു വാദം. ഹർജിയിൽ കോടതി ഉത്തരവ് ഉടൻ ഉണ്ടാകും.

രാഹുലിന്റെ ആവശ്യപ്രകാരം, കഴിഞ്ഞദിവസം അടച്ചിട്ട മുറിയിൽ ഒന്നരമണിക്കൂറോളം മുൻകൂർ ജാമ്യാപേക്ഷയിൽ വാദം നടന്നിരുന്നു. തുടർവാദം കേൾക്കാൻ കേസ് വ്യാഴാഴ്ചത്തേക്ക് മാറ്റിവെക്കുകയായിരുന്നു.

കൂടുതൽ തെളിവുകൾ സമർപ്പിക്കാൻ സമയം വേണമെന്ന് കഴിഞ്ഞ ദിവസം പ്രോസിക്യൂഷൻ അനുമതിചോദിച്ചിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ തുടർവാദത്തിന് മുമ്പേ പ്രോസിക്യൂഷൻ രാഹുലിനെതിരേ കൂടുതൽ തെളിവുകൾ ഹാജരാക്കി. യുവതിയുമായുള്ള ചാറ്റിന്റെ പൂർണ്ണരൂപമടക്കം പ്രോസിക്യൂഷൻ കോടതിയിൽ സമർപ്പിച്ചതായാണ് വിവരം. അതിജീവിതയുടെ ചാറ്റുകളും വിവാഹ ഫോട്ടോയും അടക്കമാണ് പ്രതിഭാഗം കോടതിക്ക് മുമ്പാകെ ഹാജരാക്കിയത്.

പച്ചക്കറിവില കുതിച്ചുയരുന്നു

തൃശൂർ: പച്ചക്കറി വിലയിൽ കഴിഞ്ഞ ഒരാഴ്ചയായി താരമാണ് മുരിങ്ങക്ക. കിലോയ്ക്ക് വില 400 രൂപ വരെയെത്തി. മണ്ഡലകാലം തുടങ്ങിയതോടെ പച്ചക്കറിക്ക് ആവശ്യക്കാർ കൂടിയതും അയൽ സംസ്ഥാനങ്ങളിലെ പ്രതികൂല കാലാവസ്ഥയുമാണ് പച്ചക്കറി വിലയിൽ കുതിച്ചു ചാട്ടമുണ്ടാക്കിയത്.

മണ്ഡലകാലത്തിനൊപ്പം അയൽസംസ്ഥാനങ്ങളിലെ കനത്ത മഴയും വെള്ളക്കെട്ടുമെല്ലാം പച്ചക്കറി വില ഉയരാൻ കാരണമായി. കാപ്സിക്കത്തിന് കിലോയ്ക്ക് 90 രൂപയായി. 4050 രൂപ വിലയുണ്ടായിരുന്ന കോവയ്ക്കയ്ക്ക് വില 80 രൂപയും 60 രൂപയായിരുന്ന ചെറിയ ഉള്ളി 80 രൂപയുമായി.

ഭീമ കൊറേഗാവ് കേസിൽ പ്രഫ. ഹാനി ബാബുവിന് ജാമ്യം; അഞ്ച് വർഷത്തെ ജയിൽ വാസത്തിന് ശേഷം

മുംബൈ: ഭീമ കൊറേഗാവ് കേസിൽ ജയിലിൽ കഴിയുന്ന മലയാളിയായ മുൻ ഡൽഹി സർവകലാശാല പ്രഫ. ഹാനി ബാബുവിന് ജാമ്യം. അഞ്ച് വർഷത്തിന് ശേഷമാണ് ബോംബെ ഹൈകോടതി ജാമ്യം അനുവദിച്ചത്. നിലവിൽ നവി മുംബൈയിലെ തലോജ ജയിലിലാണ് ഹാനി ബാബു കഴിയുന്നത്.

നേരത്തെ, ജയിലിൽ കഴിയുന്ന ഹാനി ബാബു ജാമ്യം തേടി സുപ്രീംകോടതിയെ സമീപിച്ചിരുന്നു. എന്നാൽ, ബോംബെ ഹൈകോടതിയെ സമീപിക്കാനായിരുന്നു സുപ്രീംകോടതി നിർദേശം. കേസിലെ മറ്റ് പ്രതികൾക്ക് ജാമ്യം ലഭിച്ച സാഹചര്യത്തിലാണ് ഹാനി ബാബു വീണ്ടും ഹൈകോടതിയെ സമീപിച്ചത്.

കേസിന്റെ വിചാരണ ആരംഭിച്ചിട്ടില്ലെന്നും അഞ്ച് വർഷത്തിലധികമായി ജയിലിലാണെന്നും ഹാനിയുടെ അഭിഭാഷകൻ കോടതിയിൽ വാദിച്ചു.

2020 ജൂലൈ 28നാണ് അഞ്ചു ദിവസം നീണ്ട ചോദ്യം ചെയ്യലിനൊടുവിൽ ഹാനി ബാബുവിനെ പൊലീസ് അറസ്?റ്റ് ചെയ്യുന്നത്. 2019 സെപ്റ്റംബറിലും 2020 ആഗസ്റ്റിലും നടന്ന റെയ്ഡുകളിൽ ഹാനിയുടെ പുസ്തകങ്ങൾ, രേഖകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ അന്വേഷണ സംഘം പിടിച്ചെടുത്തിരുന്നു. ഇതിന് പിന്നാലെയായിരുന്നു അറസ്റ്റ്.

പുടിൻ ഇന്ത്യയിലെത്തുന്നത് 'റഷ്യൻ സ്വർണ'വുമായി

ന്യൂഡൽഹി: 23–ാമത് ഇന്ത്യ റഷ്യ വാർഷിക ഉച്ചകോടിക്കായി പ്രസിഡന്റ് വ്ലാദിമിർ പുടിൻ ഇന്ത്യയിലെത്തുന്നത് 'റഷ്യൻ സ്വർണ'വുമായി. റഷ്യയുടെ ഔദ്യോഗിക പ്രസിഡൻഷ്യൽ സ്റ്റേറ്റ് കാറായ ഓറസ് സെനറ്റിലായിരിക്കും പുടിന്റെ ഇന്ത്യയിലെ യാത്ര. ഇന്ത്യൻ റോഡിൽ ഓറസ് സെനറ്റ് കാണാമെന്ന ആകാംക്ഷയിലാണ് കാർപ്രേമികൾ. ദ്വിദിന സന്ദർശനത്തിനായാണ് പുടിൻ ഇന്ത്യയിലെത്തിയത്.

ലോകത്തിലെ അത്യാഡംബര കാറുകളിൽ പ്രഥമസ്ഥാനമാണ് ലിമോസിനുള്ളത്. അത്യാധുനിക സൗകര്യങ്ങളുള്ള ലിമോസിൻ വിട്ടൊരു യാത്ര പുടിനു താൽപര്യമില്ല. 670ാാ ആണ് കാറിന്റെ നീളം. റോൾസ് റോയിസുമായി സാമ്യം. ബുള്ളറ്റ് പ്രൂഫ്, പരമാവധി വേഗത മണിക്കൂറിൽ 250കിമീ. സുരക്ഷയുടെ കാര്യത്തിൽ ട്രംപിന്റെ ബീസ്റ്റിനൊപ്പം നിൽക്കും. 4.4–ലിറ്റർ V8 എഞ്ചിനാണ് കരുത്താകുന്നത്.

രാഹുലിന് പാർട്ടിയിൽ മാത്രമല്ല പൊലീസിലും പിടിയുണ്ട്; നീക്കങ്ങളെല്ലാം ആ നിമിഷം അറിയും

തിരു: പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ ഒളിവിൽ കഴിയുന്നത് കോൺഗ്രസ് നേതാക്കളുടെ സഹായത്തോടെയെന്ന സംശയത്തിൽ പൊലീസ്. പുൽപ്പള്ളിയിലെ കോൺഗ്രസ് നേതാവിന്റെ റിസോർട്ടിൽ രാഹുൽ ഒഴിവിൽ കഴിയുന്നു എന്ന സംശയത്തിൽ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. അന്വേഷണ സംഘത്തിലെ കുറച്ചുപേർ ഇവിടെ തുടരുന്നതായി റിപ്പോർട്ടുണ്ട്. കർണാടകയിൽ നിന്ന് പൊരിക്കല്ലൂർ വഴി പുൽപ്പള്ളിയിലെത്താൻ സാദ്ധ്യതയുണ്ടെന്നാണ് പൊലീസ് കരുതുന്നത്. അതിനാൽ ചെക്പോസ്റ്റുവഴി പോകുന്ന എല്ലാവാഹനങ്ങളും പരിശോധിക്കുന്നുണ്ട്. മറ്റ് അപ്രധാന വഴികളിലും പൊലീസ് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

ഇതിനൊപ്പം കർണാടക–വയനാട് അതിർത്തിയിലെ തോട്ടങ്ങൾ പൊലീസ് അരിച്ചുപെറുക്കുന്നുണ്ട്. രാഹുലിന്റെ അവസാന ലൊക്കേഷൻ സുള്ള്യയിലാണെന്ന് കണ്ടെത്തിയിരുന്നു. അതിനാലാണ് ഈ മേഖലയിൽ തിരച്ചിൽ ശക്തമാക്കിയത്. മുൻകൂർ ജാമ്യം തള്ളിയാൽ ഉടൻ രാഹുൽ കീഴടങ്ങാൻ സാദ്ധ്യതയുണ്ടെന്ന് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. കീഴടങ്ങുന്നതിനുമുമ്പ് അറസ്റ്റുചെയ്യണമെന്നാണ് പ്രത്യേക അന്വേഷണസംഘത്തിന് നൽകിയിരിക്കുന്ന കർശന നിർദ്ദേശം. അതിനാൽ കോടതികൾക്ക് സമീപത്തും പൊലീസ് നിലയുറപ്പിച്ചിട്ടുണ്ട്. നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.

ഇന്നലെ രാഹുൽ പിടിയിലായെന്ന തരത്തിൽ വാർത്തകൾ പ്രചരിച്ചിരുന്നെങ്കിലും പൊലീസ് അതെല്ലാം തള്ളി. രാഹുൽ എവിടെയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് അവർ പറയുന്നത്. പൊലീസ് എത്തുന്നതിന് തൊട്ടുമുമ്പ് ഒളിയിടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ രാഹുലിനെ സഹായിക്കുന്നത് പൊലീസുകാർ തന്നെയാണോ എന്ന സംശയവും ബലപ്പെട്ടിട്ടുണ്ട്. ഇത് ആരെന്ന് കണ്ടെത്താനുള്ള ശ്രമവും തുടങ്ങിയിട്ടുണ്ട്. പ്രത്യേക അന്വേഷണസംഘത്തിന്റെ എല്ലാ നീക്കങ്ങളും രഹസ്യമായിരിക്കണമെന്നും ഒരു നീക്കവും പുറത്തുപോകരുതെന്നും കർശന നിർദ്ദേശമുണ്ട്.

ഷാഫിയുടെ ഫോൺ പരിശോധിക്കണം, കൂടുതൽ കഥകൾ ഉടൻ പുറത്തുവരും

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിലുമായി ബന്ധപ്പെട്ട വിഷയത്തിൽ ഷാഫി പറമ്പിൽ എംപിയുടെ ഫോൺ പരിശോധിക്കണമെന്ന് ബിജെപി പാലക്കാട് ജില്ലാ അദ്ധ്യക്ഷൻ പ്രശാന്ത് ശിവൻ. രാഹുൽ മാങ്കൂട്ടത്തിൽ ലൈംഗിക ദാരിദ്ര്യം ബാധിച്ചവനാണ്. അയാളെ സംരക്ഷിക്കേണ്ട കാര്യം ഷാഫിക്കുണ്ട്. കൂടുതൽ കഥകൾ ഉടൻ പുറത്തുവരുമെന്നും അദ്ദേഹം പറഞ്ഞു. പ്രത്യേക അന്വേഷണ സംഘത്തിൽ നിന്ന് വിവരങ്ങൾ കോൺഗ്രസിലേക്ക് ചോരുന്നുണ്ടെന്നും പ്രശാന്ത് ശിവൻ ആരോപിച്ചു.

രാഹുൽ മാങ്കൂട്ടത്തിൽ തന്നോടും മോശമായി പെരുമാറിയെന്നും ഇക്കാര്യം ഷാഫി പറമ്പിൽ എം.പിയെ അറിയിച്ചിരുന്നു എന്നും കെപിസിസി സംസ്കാര സാഹിതി ജനറൽ സെക്രട്ടറി എംഎ ഷഹനാസ് പറഞ്ഞിരുന്നു. കർഷക സമരത്തിൽ പങ്കെടുത്ത് ദില്ലിയിൽ പോയി തിരിച്ചുവന്നപ്പോഴാണ് രാഹുൽ മോശം സന്ദേശം അയച്ചത്. എന്തുകൊണ്ടാണ് ദില്ലിയിൽ പോയപ്പോൾ ഞങ്ങളെയൊന്നും അറിയിക്കാതിരുന്നതെന്നായിരുന്നു ചോദിച്ചത്. യൂത്ത് കോൺഗ്രസ് ടീമുമായി ഒരുമിച്ച് പോകുന്ന കാര്യമാണെന്നാണ് വിചാരിച്ചത്. അടുത്ത തവണ എല്ലാവർക്കും കൂടി പോകാമെന്ന് ഞാൻ രാഹുലിനോട് പറഞ്ഞു. അതല്ല ഞാൻ ഉദ്ദേശിച്ചത്, ദില്ലിയിൽ നമുക്ക് രണ്ടുപേർക്കും ഒരുമിച്ച് പോകാമായിരുന്നല്ലോ എന്നാണ് ഉദ്ദേശിച്ചതെന്ന് പറഞ്ഞ് എനിക്ക് മെസേജയച്ചു. അതിനുള്ള മറുപടിയും അപ്പോൾ നൽകി. അക്കാര്യം ഉൾപ്പെടെ ഷാഫിയെ അറിയിച്ചിരുന്നുവെന്നുമാണ് ഷഹനാസ് പറഞ്ഞത്.

മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കവെയാണ് ഷഹനാസ് രാഹുലിനെതിരെയും ഷാഫിക്കെതിരെയും ആരോപണം ഉന്നയിച്ചത്. കോൺഗ്രസിലെ വനിതാപ്രവർത്തകരിൽ പലർക്കും രാഹുലിൽ നിന്ന് ഇത്തരം അനുഭവമുണ്ടായിട്ടുണ്ടെന്നും അവർ പറഞ്ഞു. രാഹുലിനെ യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷനാക്കരുതെന്ന് താൻ ഷാഫിയോട് പറഞ്ഞിരുന്നുവെന്ന് ഷഹനാസ് ഇന്നലെ ഫേസ്ബുക്കിൽ കുറിച്ചിരുന്നു.

എൻ. കെ ദേവസി സ്മാരക അഖില കേരള പ്രൊഫഷണൽ നാടകമത്സരം

തൃശ്ശൂർ കേരള സംഗീത നാടക അക്കാദമി റീജിനൽ തിയറ്ററിൽ കൊട്ടേക്കാട് യുവജന കലാസമിതിയുടെ എൻ. കെ ദേവസി സ്മാരക അഖില കേരള പ്രൊഫഷണൽ നാടകമത്സരം. നാടകം– ഭൂപടം മായുമ്പോൾ (കൊല്ലം ആവിഷ്കാര) 6:30ന്.

നഷ്ടം പെരുകി; സ്വന്തം എയർലൈൻസ് വിൽക്കാൻ പാക്കിസ്ഥാൻ

ഇസ്ലാമാബാദ്: നഷ്ടത്തിലായ പാക്കിസ്ഥാൻ ഇൻറർനാഷണൽ എയർലൈൻസ് വിൽക്കാൻ വീണ്ടും ശ്രമം തുടങ്ങി പാക്കിസ്ഥാൻ. ഡിംബർ 23 ന് ലേലം നടക്കുമെന്ന് പാക്ക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഐഎംഎഫിന്റെ 7 ബില്യൺ ഡോളർ വായ്പ പദ്ധതിയുടെ ഭാഗമായാണ് എയർലൈൻസ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം.

'പ്രതിപക്ഷം ബഹളമുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്തുന്നു' ഇന്ത്യ മുന്നണിയെ വെട്ടിലാക്കി വീണ്ടും തരൂർ

തിരു : വീണ്ടും കോൺഗ്രസിനേയും ഇന്ത്യ സഖ്യത്തെയും സമ്മർദ്ദത്തിലാക്കി ശശി തരൂർ എംപി. പ്രതിപക്ഷ പാർട്ടികൾ പാർലമെന്റിൽ ഉത്തരവാദിത്വം മറന്ന് പെരുമാറുന്നുവെന്ന് വിമർശനം. പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തുന്നതിനാണ് പ്രതിപക്ഷം പ്രാധാന്യം കൊടുക്കുന്നതെന്ന് ശശി തരൂർ ഇന്ത്യ എക്സ്പ്രസിൽ എഴുതിയ ലേഖനത്തിൽ വിമർശിക്കുന്നു.

പാർലമെന്റിനകത്ത് ചർച്ചകളിലൂടെ ഭരണപക്ഷത്തെ വെല്ലുവിളിക്കാനുള്ള അവസരങ്ങൾ ഉപയോഗിക്കാതെ, ബഹളമുണ്ടാക്കി ചർച്ചകളേയും സഭാനടപടികളും തടസപ്പെടുത്തുന്ന രീതിയാണ് പ്രതിപക്ഷം തുടരുന്നത്. യുപിഎ സർക്കാരിന്റെ കാലത്ത് ബിജെപി നടത്തിക്കൊണ്ടിരുന്ന അതേരീതിയിലാണ് ഇന്ത്യ സഖ്യം മുമ്പോട്ട് പോകുന്നത്. ഇത് ശരിയല്ല. നഷ്ടം ഉണ്ടാകുന്നത് പ്രതിപക്ഷത്തിന് തന്നെയാണെന്ന് ശശി തരൂർ ലേഖനത്തിൽ പറയുന്നു.

ചോദ്യോത്തര വേള, ശൂന്യവേള അടക്കം കേന്ദ്ര സർക്കാരിനേയും കേന്ദ്ര മന്ത്രിമാരേയും മുൾമുനയിൽ നിർത്താൻ സാധിക്കുന്ന അവസരങ്ങൾ ഫലപ്രദമായി പ്രതിപക്ഷം ഉപയോഗിക്കുന്നില്ലെന്നും തരൂർ വിമർശിക്കുന്നു. സഭയിൽ നിയനിർമ്മാണം ഏകപക്ഷീയമായി നടക്കുന്നു. നിയമങ്ങൾ കൊണ്ടുവന്ന് അത് പാസാക്കി പ്രഖ്യാപിക്കാനുള്ള നോട്ടീസ് ബോർഡ് ആയി മാത്രമാണ് സഭയെ ഭരണപക്ഷം കാണുന്നത്. എൻഡിഎ സർക്കാർ ഏകപക്ഷീയമായി സഭയിൽ നിയമങ്ങൾ പാസാക്കുന്നു. ചർച്ച ഉണ്ടാകുന്നില്ല. പ്രതിപക്ഷത്തിന് ചർച്ചകളിലൂടെ ഭരണപക്ഷത്തെ വെല്ലുവിളിക്കാനുള്ള അവസരം ഇല്ലാതാകുന്നു. ഇതിനെല്ലാം കാരണം കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം തന്നെയാണെന്നും തരൂർ പറയുന്നു.

രാഷ്ട്രീയത്തിൽ പാർലമെന്റിന് പ്രാധാന്യം കുറയുന്നുവെന്ന വിമർശനവും തരൂർ ഉന്നയിക്കുന്നു. പരസ്പരം ശത്രുക്കളേപ്പോലെയാണ് ഭരണപക്ഷവും പ്രതിപക്ഷവും പെരുമാറുന്നതെന്നും അദ്ദേഹം ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. ഇവിടെ പരാജയപ്പെടുന്നത് പ്രതിപക്ഷമാണ്. പാർലമെന്റുമായി ബന്ധപ്പെട്ടവർ എത്രയും പെട്ടെന്ന് പ്രവർത്തിക്കണം. ഭരണഘടനാരൂപകൽപ്പനയ്ക്കുള്ള ഇടം മാത്രമായിട്ടല്ല, ജനാധിപത്യ ഇടപെടലുകൾക്കായുള്ള സജീവ വേദിയായും പാർലമെന്റിനെ മാറ്റണമെന്നും അദ്ദേഹം കുറിച്ചു.

ഇന്ത്യ ഇതിലും മികച്ചത് അർഹിക്കുന്നു. ജനങ്ങളുടെ ആശങ്കകളുമായി പൊരുത്തപ്പെടുന്ന കരുതലോടെ നിയമനിർമ്മാണം നടത്തുന്ന പാർലമെന്റ് ആണ് ആവശ്യം. യുദ്ധക്കളമല്ല വേണ്ടത്. പാർലമെന്റിന്റെ അന്തസ്സ് പുനഃസ്ഥാപിക്കേണ്ട സമയം ഇതാണെന്നും തരൂർ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.

കൃതജ്ഞത

വള്ളോംപറമ്പത്ത് പണിക്കശ്ശേരി
പ്രസാദ് (73)
പഴയ മുനിസിപ്പൽ ഓഫീസിന് കിഴക്ക്, കൊടുങ്ങല്ലൂർ

എന്റെ പ്രിയ ഭർത്താവ് വള്ളോംപറമ്പത്ത് **പണിക്കശ്ശേരി പ്രസാദിന്റെ (73)** നിര്യാണ വാർത്തയറിഞ്ഞ് നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് നടത്തിയ സംസ്കാര ചടങ്ങുകളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായി സുഹൃത്തുക്കൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

പരേതൻ ജ്യോതിഷപണ്ഡിതനും ജ്യോതി ശാസ്ത്ര പരിഷത്ത് സംസ്ഥാന സെക്രട്ടറിയുമായിരുന്നു. പഴയ കാല സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനും രഞ്ജിനി കലാസാംസ്കാരിക സംഘടനയുടെ സ്ഥാപക പ്രവർത്തകനുമായിരുന്നു.

ദുഃഖ സ്മരണകളോടെ,
ഭാര്യ: അഞ്ചങ്ങാടി വലിയപറമ്പിൽ ലത
മക്കൾ: ഫെനിക്സ് പ്രസാദ്, ഫിൽജ പ്രസാദ്
(അമൃതാനന്ദമയി മഠം, കൊല്ലം), ചിഞ്ചു (അധ്യാപിക)
മരുമക്കൾ: ഗീതാകൃഷ്ണ, രഞ്ജിത്
ബന്ധുമിത്രാദികൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

പാവനസ്മരണക്ക്
(04–12–2025)

രശ്മി
D/o.Late. കെ.എൻ. ദയാനന്ദൻ, ഷേണായി
പൂത്തോൾ, തൃശൂർ–4

കേൾക്കാൻ കൊതിച്ച സ്വരം നിലച്ചിടിലും
കാണാൻ കൊതിച്ച മുഖം മറഞ്ഞീടിലും
മായാതെ നിറഞ്ഞു നിൽക്കുന്നു
നിൻ ഓർമ്മകൾ പൊന്നോമനെ ഈ തീരാദുഃഖത്തിന്
ഇന്നേക്ക് 25 വർഷം തികയുന്നു

– ദുഃഖാർത്തരായ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും.

ചരമ അറിയിപ്പ്



തേർക്കിൽ പത്മനാഭൻ (82)
മണലിത്തറ

ഞങ്ങളുടെ വാത്സല്യ പിതാവ് പ്രമുഖ വ്യാപാരി **തേർക്കിൽ പത്മനാഭൻ (82)** നിര്യാതനായ വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. സംസ്കാരം ഇന്ന് വൈകീട്ട്. സംസ്കാര ശുശ്രൂഷകളിൽ പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

ഭാര്യമാർ: പരേതയായ വിശാലാക്ഷി, സുഭദ്ര

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

രാഹുൽ മാങ്കൂട്ടത്തിലിനെ സഹായിച്ച ഡ്രൈവർ കസ്റ്റഡിയിൽ; രഹസ്യ കേന്ദ്രത്തിൽ ചോദ്യം ചെയ്യുന്നു

ബാംഗ്ലൂർ: രാഹുൽ മാങ്കൂട്ടത്തിലിനെ ഒളിവിൽ കഴിയാൻ സഹായിച്ച മലയാളി ഡ്രൈവർ കസ്റ്റഡിയിൽ . ബെംഗളൂരുവിൽ രാഹുലിനെ ഡ്രൈവർ സഹായിച്ചെന്ന് അന്വേഷണ സംഘം കണ്ടെത്തി. രഹസ്യ കേന്ദ്രത്തിൽ ഇയാളെ ചോദ്യം ചെയ്യുന്നു. രാഹുൽ മാങ്കൂട്ടത്തിലിന്റെ മുൻകൂർ ജാമ്യ അപേക്ഷയിൽ വിധി ഉടനറിയാം. തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി വീണ്ടും വാദം കേൾക്കും. കോടതി ആവശ്യപ്പെട്ട അധികരേഖകൾ പ്രോസിക്യൂഷൻ സമർപ്പിക്കും. രണ്ടാമത്തെ കേസിലും രാഹുലിനെതിരെ ബലാൽസംഗക്കുറ്റം ചുമത്തി. ജാമ്യം ലഭിച്ചില്ലെങ്കിൽ രാഹുൽ കീഴടങ്ങുമെന്ന് അഭ്യൂഹവുമുണ്ട്. ബത്തേരി, മാനന്തവാടി കോടതികളിൽ കീഴടങ്ങാൻ സാധ്യത ഉണ്ടെന്ന വിലയിരുത്തലിൽ പൊലീസ് വിന്യാസം ശക്തമാക്കി

അറസ്റ്റ് ഒഴിവാക്കാൻ രഹസ്യ എൽഎയുടെ നെട്ടോട്ടം തുടരുകയാണ്. അവസാന ലൊക്കേഷൻ സുള്ളിയിലാണെന്ന് കണ്ടെത്തി. കർണാടക കേരള അതിർത്തിയിൽ തിരച്ചിൽ ശക്തമാക്കി.

എംഎൽഎ ഒളിവിൽ കഴിയാൻ തുടങ്ങിയിട്ട് ഇത് എട്ടാം ദിനമാണ്. പൊലീസിൽ നിന്ന് വിവരം ചോരുന്നതായി അന്വേഷണസംഘത്തിനു സംശയമുണ്ട്. എസ്ഐടി നീക്കങ്ങൾ രഹസ്യമായിരിക്കണമെന്ന് ഉന്നത നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

കാർ നിയന്ത്രണം വിട്ട് ഇടിച്ച് രണ്ടുപേർക്ക് പരിക്ക്

തൃശ്ശൂർ: തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയിൽ കൈപ്പറമ്പ് എം കെ കെ പെട്രോൾ പമ്പിന് സമീപമുള്ള കള്ള് ഷാപ്പ് വഴിക്ക് സമീപം ഇന്ന് പുലർച്ചെയാണ് അപകടമുണ്ടായത്. പരിക്കേറ്റവർ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി.

തൃശൂർ ഭാഗത്തുനിന്നും വന്നിരുന്ന കാർ നിയന്ത്രണം വിട്ട് സിഗ്നൽ ബോർഡിലും മരത്തിലും ഇടിക്കുകയായിരുന്നു. സീറ്റ് ബെൽറ്റ് ഉണ്ടായിരുന്നതുകൊണ്ട് പരിക്ക് ഗുരുതരമല്ല. വാഹനത്തിന്റെ മുൻഭാഗവും ഹെയർ ബാഗിനും കേടുപാടുകൾ സംഭവിച്ചു. മയങ്ങിപ്പോയതാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

അനിൽപുളിക്കലിന്റെ നാട്ടിക പഞ്ചായത്ത് പര്യടനം

തൃപ്രയാർ: തൃശ്ശൂർ ജില്ല പഞ്ചായത്ത് തൃപ്രയാർ ഡിവിഷൻ UDF സ്ഥാനാർത്ഥി അനിൽ പുളിക്കലിന്റെ നാട്ടിക പഞ്ചായത്ത് പര്യടനത്തിന്റെ ഉദ്ഘാടനം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി പി എം സാദിഖലി നിർവ്വഹിച്ചു.

നൗഷാദ് ആറ്റുപറമ്പത്ത് അധ്യക്ഷത വഹിച്ചു. ഡിസിസി ജനറൽ സെക്രട്ടറിമാരായ കെ ദിലീപ് കുമാർ വി.ആർ വിജയൻ, കെ.പി സി സി സെക്രട്ടറി രാജേന്ദൻ അരങ്ങത്ത്, സുനിൽ ലാലൂർ, കെ.എം കബീർ, പി.എം സിദ്ധിക് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

ജോർജ്ജ് ചാണ്ടിയെ കോൺഗ്രസിൽ നിന്നും പുറത്താക്കി

തൃശൂർ: കോർപ്പറേഷനിലെ മിഷ്യൻ ക്വാർട്ടേഴ്സ് ഡിവിഷനിലെ യു ഡി എഫ് സ്ഥാനാർത്ഥിക്കെതിരെ മത്സരിക്കുന്ന ജോർജ്ജ് ചാണ്ടിയെ പാർട്ടിയുടെ പ്രാഥമികാംഗത്വത്തിൽ നിന്ന് 6 വർഷത്തേക്ക് പുറത്താക്കിയതായി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് അറിയിച്ചു.

വാഹനാപകടം : 2 വിദ്യാർത്ഥികൾ ഉൾപ്പെടെ മൂന്നുപേർക്ക് പരിക്ക്

തൃശ്ശൂർ: കേച്ചേരി പാറന്നൂരിൽ വാഹനാപകടം രണ്ട് വിദ്യാർത്ഥികൾ ഉൾപ്പെടെ മൂന്നു പേർക്ക് പരിക്ക്. ഇന്ന് രാവിലെ 9.15 ഓടെ ആയിരുന്നു അപകടം. സ്കൂൾ വിദ്യാർത്ഥികളുമായി പോയിരുന്ന ട്രാവലറും കാറുമാണ് അപകടത്തിൽ പെട്ടത്. കാർ ഡ്രൈവർക്കും രണ്ടു വിദ്യാർത്ഥികൾക്കും പരിക്കുകൾ ഉണ്ടെന്നാണ് പ്രാഥമിക വിവരം.

കുന്നംകുളം പോലീസ് തുടർനടപടികൾ സ്വീകരിച്ചു. അപകടത്തിൽ കാറിന്റെ മുൻഭാഗം പൂർണ്ണമായും തകർന്നു.

ഫാ. ജോയ് കുത്തൂരിനും സുഭാഷ് കാര്യാട്ടിനും റോട്ടറി അവാർഡ് സമ്മാനിച്ചു

തൃശൂർ: വിവിധ മേഖലകളിൽ മികവു നേടിയവർക്കു റോട്ടറി ക്ലബ് ഓഫ് തൃശൂർ മെട്രോ ഏർപ്പെടുത്തിയ റോട്ടറി കർമശ്രേഷ്ഠ അവാർഡുകൾ സമ്മാനിച്ചു. ഹയാത്ത് റീജൻസിയിൽ നടന്ന ചടങ്ങിൽ ശാന്തിഭവൻ പാലിയേറ്റീവ് കെയർ സ്ഥാപക ഡയറക്ടർ ഫാ. ജോയ് കുത്തൂർ, കാര്യാട്ട് ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ് ഉടമ സുഭാഷ് കാര്യാട്ട് എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങി.

പ്രളയ രക്ഷാപ്രവർത്തനങ്ങളിൽ ശ്രദ്ധേയനായ അജീഷ് അശോകൻ, സീരിയൽ താരം സിദ്ധാർഥ് വേണുഗോപാൽ, നീലക്കുയിൽ എന്റർടൈൻമെന്റ് സ്ഥാപകൻ നിയാസ്, അനിൽ സാർക്ക്, ഭിന്നശേഷി കുട്ടികളുടെ ക്ഷേമത്തിനു പ്രവർത്തിക്കുന്ന പൂമ്പാറ്റയുടെ ചെയർമാൻ ഡോ. പെപ്പിൻ ജോർജ് എന്നിവർക്കും റോട്ടറി അവാർഡുകൾ സമ്മാനിച്ചു. റോട്ടറി ക്ലബ് പ്രസിഡന്റ് ജോസ് പുതുക്കാടൻ പുരസ്കാരങ്ങൾ കൈമാറി.

സൂര്യഭാരതി ഗ്രൂപ്പ് ചെയർമാൻ കെ.പി. മനോജ് കുമാറിനെ ആദരിച്ചു. റോട്ടറി ക്ലബ് നേതാക്കളായ റോയ് കൂള, ഗ്രിഗാറിൻ വടക്കൻ, ജോജു വർക്കി, ദിലീപ്കുമാർ എന്നിവർ പ്രസംഗിച്ചു. മിസ് കേരള, മിസിസ് കേരള മൽസരങ്ങൾ, ഫാഷൻ ഷോ എന്നിവ അടക്കമുള്ള പരിപാടികളും അവാർഡു സമർപ്പണ ചടങ്ങിനോടനുബന്ധിച്ചു നടന്നു.

'മലയാളി തിരിച്ചറിയണം, ഇതല്ലേ യഥാർഥ മുന്ന? എത്ര പാലങ്ങൾ ഇങ്ങനെ നിർമിച്ചു';

പിഎം ശ്രീയിൽ ബ്രിട്ടാസിനെതിരേ രൂക്ഷവിമർശം

തിരു : ജോൺ ബ്രിട്ടാസ് എംപിയുടെ പാർലമെന്റിലെ 'മുന്ന' പരാമർശം തിരിച്ചുപ്രയോഗിച്ച് പ്രതിപക്ഷം. പിഎം ശ്രീ പദ്ധതിയിൽ കേന്ദ്രത്തിനും കേരളത്തിനും ഇടയിൽ ഇടനിലക്കാരനായി ജോൺ ബ്രിട്ടാസ് എംപി നിന്നെന്ന കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാന്റെ വെളിപ്പെടുത്തലിന് പിന്നാലെയാണ് 'മുന്ന' വിളികളുമായി യുഡിഎഫ് നേതൃത്വം ജോൺബ്രിട്ടാസിന് നേർക്ക് തിരിഞ്ഞത്.

'സിനിമയിലെ മുന്നയൊക്കെ എന്ത്, ഇതല്ലേ യഥാർത്ഥ മുന്ന' എന്ന് ഷിബു ബേബി ജോൺ ഫേയ്സ്ബുക്കിൽ കുറിച്ചു. മതേതര കേരളത്തെ ഒറ്റിയ മുന്നയെ ഓർത്തുവെക്കുമെന്ന് മുസ്ലിം ലീഗ് നേതാവ് കെപിഎ മജീദ് കുറിച്ചു.

ബ്രിട്ടാസ് തന്നെയാണ് കേരളത്തിലെ യഥാർത്ഥ മുന്ന എന്ന് എംഎസ്എഫ് സംസ്ഥാന അധ്യക്ഷൻ പി.കെ. നവാസും കുറിച്ചു.

"ആർഎസ്എസ് എഴുതിക്കൊടുക്കുന്ന അക്ഷരമാലകൾ മാരാർജി ഭവനുകളിൽനിന്ന് കേരളത്തിലെ കലാലയങ്ങളിലേക്ക് ഇറക്കാൻ ബ്രിട്ടാസിനെ ആരാണ് ഏൽപ്പിച്ചത്? ആർഎസ്എസിനെതിരെ കവലകളിൽ ചീറിപ്പായുന്ന എസ്എഫ്ഐ പോലും ബ്രിട്ടാസിന്റെ ഡൽഹിയിലെ ഈ മധ്യസ്ഥവാസം അറിയുന്നില്ല. പാർട്ടി ബ്രിട്ടാസിനെ ഏൽപ്പിച്ച പണിയാണ് ദീൻ ദയാൽ ഉപാധ്യായ വഴിയിൽ പോയി ഇരന്ന് വാങ്ങുന്നത്"- നവാസ് കുറിച്ചു. ബ്രിട്ടാസ് എത്ര പാലങ്ങൾ ഇങ്ങനെ നിർമ്മിച്ചുവെന്ന് മലയാളി ചർച്ച ചെയ്യണമെന്നും ഈ പാലം ചിലപ്പോൾ പാലത്തായി കേസിലേക്ക് നീളുമെന്നും നവാസ് കുറിച്ചു.

മുന്നമാർക്ക് എല്ലാക്കാലവും ആരുടെ കീഴിലും ഒളിച്ചിരിക്കാനാകില്ലെന്ന് മുസ്ലിം ലീഗ് ദേശീയ സെക്രട്ടറി അഡ്വ. നജ്മ തബ്ഷീഫ ഫേസ്ബുക്കിൽ കുറിച്ചു. പുതിയ കാലത്തെ ഇടതുപക്ഷത്തിന്റെ പ്രോട്ടോ ടൈപ്പാണ് ജോൺ ബ്രിട്ടാസെന്നും നജ്മ തബ്ഷീറ കുറിപ്പിൽ പറയുന്നു.

വഖഫ് ഭേദഗതി ബില്ലിനെ ചൊല്ലി രാജ്യസഭയിൽ നടന്ന ചർച്ചയ്ക്കിടെ എമ്പുരാൻ ചിത്രത്തിലെ മുന്ന എന്ന കഥാപാത്രത്തെ ചൂണ്ടിക്കാട്ടി ജോൺ ബ്രിട്ടാസ് എംപി ബിജെപിക്ക് നേരെ വിമർശനമുന്നയിച്ചിരുന്നു. 'എമ്പുരാൻ സിനിമയിൽ മുന്ന എന്ന ഒരു കഥാപാത്രമുണ്ട്. ആ മുന്നയെ ഈ ബിജെപി ബെഞ്ചിൽ കാണാം. ഈ മുന്നയെ മലയാളി തിരിച്ചറിയും. അതാണ് കേരളത്തിന്റെ ചരിത്രം' എന്നായിരുന്നു പാർലമെന്റിൽ വെച്ച് ജോൺ ബ്രിട്ടാസ് പ്രസംഗിച്ചത്. അന്ന് സുരേഷ് ഗോപിയെ ചൂണ്ടിക്കാട്ടിയായിരുന്നു ജോൺ ബ്രിട്ടാസിന്റെ പ്രസംഗം.

ഇതേച്ചൊല്ലി ഇരുവരും തമ്മിൽ പാർലമെന്റിൽ വാഗ്വാദത്തിലേർപ്പെടുകയും ചെയ്തിരുന്നു. ഇതേ വാക്കുകളാണ് ഇപ്പോൾ പിഎം ശ്രീയിൽ ജോൺ ബ്രിട്ടാസിനെതിരേ പ്രതിപക്ഷം ഉപയോഗിക്കുന്നത്.

കമിതാക്കളുടെ സിസിടിവി ദൃശ്യങ്ങൾ അശ്ലീല സൈറ്റുകളിൽ

തിരു : സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ(കെഎസ്എഫ്ഡിസി) ഉടമസ്ഥതയിലുള്ള തീയേറ്ററുകളിലെ സിസിടിവി ദൃശ്യങ്ങൾ അശ്ലീല വെബ്സൈറ്റുകളിലും ടെലിഗ്രാം അക്കൗണ്ടുകളിലും പ്രചരിക്കുന്നു.

തീയേറ്ററുകളിൽ സിനിമ കാണാനെത്തിയ കമിതാക്കളുടെ സിസിടിവി ദൃശ്യങ്ങളാണ് അശ്ലീല സൈറ്റുകളിലടക്കം വ്യാപകമായി പ്രചരിക്കുന്നത്. സംഭവം ശ്രദ്ധയിൽപ്പെട്ടതോടെ കെഎസ്എഫ്ഡിസിയുടെ പരാതിയിൽ സൈബർ സെൽ അന്വേഷണം ആരംഭിച്ചു. തീയേറ്ററിലെ ദൃശ്യങ്ങൾ ഹാക്ക് ചെയ്ത് കൈക്കലാക്കിയതാണോ എന്നതടക്കം പോലീസ് പരിശോധിക്കുന്നുണ്ട്.

തിരുവനന്തപുരത്തെ കൈരളി, നിള, ശ്രീ തീയേറ്ററുകളിൽ നിന്നുള്ള സിസിടിവി ദൃശ്യങ്ങളാണ് ആളുകളുടെ മുഖംപോലും മറയ്ക്കാതെ അശ്ലീല സൈറ്റുകളിലുള്ളത്. ഇതിനൊപ്പം ടെലിഗ്രാം ചാനലുകളിലൂടെയും ഇത്തരം ദൃശ്യങ്ങൾ പ്രചരിക്കുന്നുണ്ട്. പണംനൽകി വാങ്ങാവുന്ന രീതിയിലാണ് വീഡിയോകൾ സൈറ്റുകളിലുള്ളത്. 2023 മുതലുള്ള സിസിടിവി ദൃശ്യങ്ങളാണ് ഇത്തരത്തിൽ ചോർന്നിട്ടുള്ളത്. എന്നാൽ, ഏതാനും മാസങ്ങൾക്ക് മുൻപാണ് സിസിടിവി വീഡിയോകൾ അശ്ലീല സൈറ്റുകളിലടക്കം ലഭ്യമായിത്തുടങ്ങിയതെന്നാണ് വിവരം.

പ്രചരിക്കുന്ന സിസിടിവി ദൃശ്യങ്ങളിൽ തിയേറ്ററിന്റെ പേരും സ്ക്രീൻ നമ്പരും തീയതിയും സമയവുമെല്ലാം വ്യക്തമായി കാണുന്നുണ്ട്. വിവിധ ടെലിഗ്രാം ഗ്രൂപ്പുകൾ വഴിയാണ് പണം വാങ്ങി ഇത്തരം ദൃശ്യങ്ങൾ വിൽക്കുന്നത്. അതിനിടെ, സംഭവത്തിൽ ചലച്ചിത്ര വികസന കോർപ്പറേഷനും സാങ്കേതിക വിദഗ്ധരെ ഉപയോഗിച്ച് പരിശോധന ആരംഭിച്ചിട്ടുണ്ട്. വിഷയത്തിൽ ആഭ്യന്തര സമിതിയുടെ പരിശോധനകൾ നടന്നുവരികയാണെന്നും അതിനുശേഷം പ്രതികരിക്കാമെന്നും കെഎസ്എഫ്ഡിസി അധികൃതർ വ്യക്തമാക്കി.

ക്രിസ്മസ് പ്രദർശനവും വിൽപനയും

പ്രദർശനം പാലസ് റോഡിലെ ചേംബർ ഹാളിൽ

തൃശൂർ: ദ് ചേംബർ ഓഫ് കൊമേഴ്സ് തൃശൂർ വിമൻസ് വിങ് 'ജിംഗിൾ ബെൽസ് അറ്റ് ചേംബർ' മെഗാ ക്രിസ്മസ് പ്രദർശനവും വിൽപനയും നാളെ രാവിലെ 10 മുതൽ 8.30 വരെ പാലസ് റോഡിലെ ചേംബർ ഹാളിൽ നടക്കും. ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് ടി.എസ്.പട്ടാഭിരാമൻ ഉദ്ഘാടനം ചെയ്യും. ക്രിസ്മസ് ഡെക്കർ, പോട്സ് ആൻഡ് പ്ലാന്റ്സ്, ഓർണമെന്റ്സ്, ഹാൻഡ്മെയ്ഡ് ജ്വല്ലറി, വസ്ത്രങ്ങൾ, ഹോംമെയ്ഡ് കേക്ക്, ചോക്ലേറ്റ്സ്, ത്രിഫ്റ്റ് സ്റ്റോർ ഇനങ്ങൾ ഉൾപ്പെടെ അൻപതിൽപരം സ്റ്റാളുകൾഉണ്ടാകും

പ്രവേശനം സൗജന്യമാണെന്ന് പ്രസിഡന്റ് ഡോ.കനക പ്രതാപ്, സെക്രട്ടറി മൃദു നിക്സൺ, കൺവീനർ ജിജി ആന്റണി, വൈസ് പ്രസിഡന്റ് റൂബി ജോൺ, ജോയിന്റ് സെക്രട്ടറി സബീന മുസ്തഫ എന്നിവർ പറഞ്ഞു.

പ്രസിദ്ധമായ കിഴൂർ പൂരം ഇന്ന്

കുന്നംകുളം: പ്രസിദ്ധമായ കുന്നംകുളം കിഴൂർ പൂരം ഇന്ന് ഉച്ചയ്ക്ക് 1മണിയോടെ ദേവസ്വം പൂരം ഉൾപ്പെടെയുള്ള പൂരങ്ങൾ എഴുന്നള്ളിക്കും. കൊമ്പൻ പിച്ചിയിൽ ശിവൻ ദേവസ്വം തിടമ്പേറ്റും. തെയ്യം, വേല കമ്മിറ്റികൾ ഉൾപ്പെടെ ആകെ 37 ആഘോഷ കമ്മിറ്റികൾ പൂരത്തിൽ പങ്കെടുക്കുന്നുണ്ട്.

വൈകിട്ട് 5 മണിക്ക് നടക്കുന്ന കൂട്ടിയെഴുന്നള്ളിപ്പിൽ 31 ആനകൾ അണിനിരക്കും. തുടർന്ന് വെള്ളിത്തിരുത്തി ഉണ്ണിനായർ നേതൃത്വം നൽകുന്ന ഗംഭീര പാണ്ടിമേളവും ഉണ്ടാകും. പൂരത്തിന്റെ ഭാഗമായി കോളേജ് ഗ്രൗണ്ടിൽ കാർത്തിക ഫെസ്റ്റും നടക്കുന്നുണ്ട്.

തീവ്രവാദികളെ വിട്ടുകൊടുത്ത് പ്രശ്നപരിഹാരം; അന്ന് തട്ടിക്കൊണ്ടുപോയത് കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ മകളെ

1989ലെ ഡിസംബർ എട്ട്. തണുത്തുറഞ്ഞ കശ്മീർ താഴ്‌വരയിൽ നിന്ന് രാജ്യത്താകെ ഒരു വാർത്ത പരന്നു. അന്ന് കേന്ദ്ര ആഭ്യന്തരമന്ത്രിയായിരുന്ന മുഫ്തി മുഹമ്മദ് സയീദിന്റെ മകൾ 23-കാരി റുബയ സയീദിനെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയിരിക്കുന്നു. തീവ്രവാദത്തിന്റെ അലയൊലികൾ ജമ്മു കശ്മീരിൽ സുപരിചിതമായിരുന്നുവെങ്കിലും രാജ്യത്തെ ആഭ്യന്തരമന്ത്രിയുടെ മകളെ തന്നെ തട്ടിക്കൊണ്ടുപോയത് അന്ന് രാഷ്ട്രീയ നേതൃത്വത്തെ ഒന്നാകെയാണ് മുൾമുനയിലാക്കിക്കളഞ്ഞത്. ജമ്മു കശ്മീർ ലിബറേഷൻ ഫ്രണ്ട് (ജെകെഎൽഎഫ്) ആയിരുന്നു തട്ടിക്കൊണ്ടു പോകലിന് പിന്നിൽ. ഒറ്റ ആവശ്യം; ഇന്ത്യ ജയിലിൽ അടച്ച അഞ്ചു തീവ്രവാദികളെ മോചിപ്പിക്കണം. അല്ലെങ്കിൽ റുബയ്യയുടെ മൃതദേഹം കശ്മീരിന്റെ ഏതെങ്കിലുമൊരു കോണിൽ കാണാൻ കഴിയുമെന്ന ഭീഷണിയും.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ മുസ്ലീം കേന്ദ്ര ആഭ്യന്തരമന്ത്രിയായി മുഫ്തി മുഹമ്മദ് സയീദ് ചുമതലയേറ്റെടുത്തതിന്റെ പ്രതികാരമെന്നോണമായിരുന്നു തട്ടിക്കൊണ്ടുപോകൽ ഒപ്പം ജെകെഎൽഎഫിന് തങ്ങളുടെ ശക്തിതെളിയിക്കുകയും വേണമായിരുന്നു.

സംഭവം നടന്ന് 35 വർഷങ്ങൾക്കിപ്പുറം തട്ടിക്കൊണ്ടുപോകലിന് ഗൂഢാലോചന നടത്തിയ ജെകെഎൽഎഫ് തലവൻ ഷഫാദ് അഹമ്മദ് ഷംഗ്ലോയെക്കൂടെ കഴിഞ്ഞ ദിവസം സിബിഐ അറസ്റ്റ് ചെയ്തതോടെ ഒരിക്കൽ രാജ്യത്തേയും കശ്മീരിന്റെ ഭാവിയേയും മാറ്റിമറിച്ച തീവ്രവാദക്കേസിന് ഒടുവിൽ അവസാനമാവുകയുമാണ്. ഷംഗ്ലോയെ ജമ്മു കശ്മീരിലെ ടാഡ കോടതിക്ക് മുമ്പാകെ ഉടൻ ഹാജരാക്കുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട: 5, 6 തീയ്യതികളിലായി നടക്കുന്ന ജില്ലാ പഞ്ചായത്ത് കാട്ടൂർ ഡിവിഷൻ (നമ്പർ 20) സ്ഥാനാർത്ഥി കൃപേഷ് ചെമ്മണ്ടയുടെ 3-ാം ഘട്ട വാഹന പ്രചരണ സ്വീകരണ പരിപാടിയുടെ ആദ്യദിന സമാപന പൊതുയോഗത്തിൽ കേന്ദ്ര മന്ത്രി സുരേഷ് ഗോപി പങ്കെടുക്കുന്നു.

ബ്ര. ളൂയീസ് മഞ്ഞളി അനുസ്മരണം നടത്തി

തൃശൂർ: ബ്ര. ളൂയീസ് മഞ്ഞളി സ്മാരകസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 14-ാം ചരമവാർഷിക അനുസ്മരണം റവ. ഡോ. ദേവസി പന്തല്ലുക്കാരൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. വി.ജി. തമ്പി അദ്ധ്യക്ഷത വഹിച്ചു. ചെയർമാൻ ബേബി മൂക്കൻ, ബ്രദർ ഏഡ്വിൻ എം.എം., ബി. ഫ്രാങ്കോ ലൂവീസ്, പ്രൊഫ. വി.എ. വർഗ്ഗീസ് എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. ഒ.ഡി. വർക്കി, ആർട്ടിസ്റ്റ് എം.ആർ. വിജയൻ, പി.എം.എം. ഷെറീഫ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, നന്ദകുമാർ ആലത്ത്, പ്രൊഫ. വി.പി. ജോൺസ്, പി.എൽ. ജോസ്, സിസ്റ്റർ ത്രേസ്യാമ്മ മഞ്ഞളി, ജോയ് പോൾ എന്നിവർ പ്രസംഗിച്ചു. പുഷ്പാർച്ചനയും ഉണ്ടായിരുന്നു.

സെന്റ് ജോസഫ്സ് കോളജിൽ മാനസികാരോഗ്യാവബോധന ക്ലാസ് സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട: സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളേജിലെ ഉന്നത് ഭാരത് അഭിയാൻ (യു.ബി.എ) ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാനസികാരോഗ്യ അവബോധന ക്ലാസ് ശ്രദ്ധേയമായി. ' മാനസികരോഗ്യത്തിന്റെ ദൈനംദിന പാഠങ്ങൾ' എന്ന വിഷയത്തിൽ, കേരള സർവകലാശാല സൈക്കോളജി വിഭാഗം കൺസൾട്ടന്റ് സൈക്കോളജിസ്റ്റും ഗവേഷകയുമായ ഗ്ലൈബി ബേബി ക്ലാസ് നയിച്ചു.

മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കുന്ന ലളിതമായ മാനസിക അഭ്യാസങ്ങൾ, ആത്മനിയന്ത്രണ രീതികൾ, വിദ്യാർത്ഥികൾക്കും യുവാക്കൾക്കും അനുയോജ്യമായ മാനസികക്ഷമതാ തന്ത്രങ്ങൾ എന്നിവർ അവർ വിശദമായി അവതരിപ്പിച്ചു. തുടർന്നു നടത്തിയ ചർച്ചയിൽ വിദ്യാർത്ഥികൾ സമ്മർദ്ദം, പഠനക്ഷമത, ആത്മവിശ്വാസം, ആരോഗ്യകരമായ ദിനക്രമം തുടങ്ങിയ വിഷയങ്ങളിൽ ചോദ്യങ്ങൾ ഉന്നയിക്കുകയും സജീവമായ സംവാദം നടത്തുകയും ചെയ്തു.

നൂറോളം വിദ്യാർത്ഥിനികൾ പങ്കെടുക്കുന്ന പരിപാടിക്ക് യു. ബി. എ. കോർഡിനേറ്റർമാർ നേതൃത്വം നൽകി.

കോടതി പരസ്യം

ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുൻപാകെ.

EA: 1493/2025
EP.1265/2025
OS.1819/2012

ബാലചന്ദ്രൻ etc

-ഹർജിക്കാർ

Bhaskaran, S/o Madathiparambil Konnan, Now residing, Room No. 10 B-Wing. 2nd floor, AB Apartments, Sai Baba Nagar. Near Guru Dhara Temple, Borewilly West. Mumbai-92.

-2-ാം എതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്ക് നോട്ടീസ് ഉത്തരവായിട്ടുള്ളതും **17/12/2025** തിയ്യതി 11 മണിക്ക് കോടതി മുൻപാകെ ഹാജരായി ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാനെതിരെ ഹർജി വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന് 4-12-2025
ഹർജി ഭാഗം അഡ്വക്കേറ്റ്
കെ ആർ ഷാജു (ഒപ്പ്)

കോടതി പരസ്യം

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുൻപാകെ

EP: 932/2025
RCP: 64/2023

പുഷ്പരാജൻ

- വിധി ഉടമ

1. കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് കോനെഴുത്തുവീട്ടിൽ ഷിറസുദ്ധീൻ
2) ടി താലൂക്ക്, ടി വില്ലേജ്, വട്ടപ്പറമ്പിൽ ഉമ്മർ മകൻ അൻവർ

-വിധികടക്കാർ

മേൽ നമ്പറിൽ ഒന്നും രണ്ടും വിധികടക്കാർക്കുള്ള റൂൾ 35 നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **10-12-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 28-11-2025
വിധിഉടമഭാഗം അഡ്വക്കേറ്റ്
സി കെ പവിത്രൻ (ഒപ്പ്)

കോടതി പരസ്യം

തൃശൂർ കുടുംബ കോടതി മുൻപാകെ.

OP: 334/2023

തലപ്പിള്ളി താലൂക്ക്, പിലക്കാട് വില്ലേജ് പിലക്കാട് ദേശം, പിലക്കാട് പോസ്റ്റ് കുളക്കാട്ടിൽ സുനിൽകുമാർ ഭാര്യ 42 വയസ്സ് ബീന

-ഹർജിക്കാരി

എറണാകുളം ജില്ലാ, കുന്നത്തുനാട് താലൂക്ക്, മഴുവന്നൂർ വില്ലേജ് വിട്ടൂർ ദേശം, നെല്ലാട് പോസ്റ്റ്, കുളക്കാട്ടിൽ സുകുമാരൻ മകൻ 45 വയസ്സ് സുനിൽകുമാർ

-എതിർകക്ഷി

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും ഉള്ള ഉത്തരവോടുകൂടി മേൽ നമ്പർ കേസ്സ് **20-12-2025** തീയതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 29-11-2025
ഹരജിഭാഗം അഡ്വക്കേറ്റ് :
മേരി ഫ്ളിന്റോ (ഒപ്പ്)

കോടതി പരസ്യം

കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുൻപാകെ

EP: 1813/2024
OS: 358/2022

അർജുൻ S/o സുധീർ, ചെമ്പിപറമ്പിൽ ഹൗസ്, പൊഞ്ഞനം ദേശം, കാട്ടൂർ വില്ലേജ്

- വിധി ഉടമ

കൊടുങ്ങല്ലൂർ താലൂക്ക് എടത്തിരുത്തി വില്ലേജ്, കുട്ടിമംഗലം ദേശത്ത്, വലിയകത്ത് അബ്ദുള്ളകുട്ടി ഭാര്യ 64 വയസ് നാദിറ

- വിധികടക്കാരി

മേൽ നമ്പറിൽ വിധി നടത്തുഹരജിയിൽ വിധി കടക്കാരിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനായി കല്പിച്ച് **16-12-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതിമുമ്പാകെ ഹാജരായി ബോധിപ